പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1527 14.06.2013-ൽ മറുപടിക്ക്.

2013-14 വർഷത്തെ പദ്ധതി നിർവ്വഹണം.

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീമതി പി.അയിഷാ പോറ്റി<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | 2013-14 വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2013-14 വർഷം നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഓൺലൈൻ എൻട്രി നടത്തിക്കൊണ്ടിരിക്കുകയും അംഗീകാരം നൽകുന്ന ഉദ്യോഗസ്ഥർ പരിശോധിച്ച് അംഗീകാരം നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഡേറ്റാ എൻട്രി നടത്തുന്നതിനുള്ള സമയപരിധി 2013 ജൂൺ 15 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞവർഷത്തെ പദ്ധതി രൂപീകരണ വേളയിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് 2013-14വർഷം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്; | ബി) | പദ്ധതി രൂപീകരണത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതായി കാണുന്നില്ല. |
| (സി) | പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് വികേന്ദ്രീകൃതാസൂത്രണത്തിനുള്ള സംസ്ഥാന കോ-ഓർഡിനേഷൻകമ്മിറ്റി യോഗം മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (സി) | വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ **(lsg.kerala.gov.in)** ലഭ്യമാണ്. |
| (ഡി) | പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് (ടാഗ്) പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ടാഗ് പുനരുജ്ജീവിപ്പിക്കേണ്ട ആവശ്യമുള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ